**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.659 — 05.06.2018-ലെ മറുപടിയ്ക്ക്

**<u>വോളിബോൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | 2018 ലെ ദേശീയ വോളിബോൾ ചാമ്പ്യൻമാരായ കേരള ടീമിലെ അംഗങ്ങൾക്കുള്ള തുക ഒന്നര ലക്ഷം രൂപയിൽ നിന്ന് വർദ്ധിപ്പിച്ച് രണ്ട് ലക്ഷം രൂപ ആക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ദേശീയ വോളീബോൾ ചാമ്പ്യൻമാരായ കേരള ടീം അംഗങ്ങൾക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ദേശീയ ചാമ്പ്യന്മാരായ കേരള ടീമിലെ ലിബറോ ആയ ശ്രീ.സി.കെ.രതീഷിന് കിൻഫ്രയിൽ ജോലി നൽകി ഉത്തരവായിട്ടുണ്ട്. |
| (സി) | വോളിബോൾ എന്ന കായിക ഇനത്തെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിശദമാക്കുമോ? | (സി) | വോളിബോൾ കായികയിനത്തെ ശക്തിപ്പെടുത്തുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്.<br>കേരളത്തിലെ ഏറ്റവും മികച്ച പ്രതിഭയുള്ള വോളിബോൾ താരങ്ങളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺ വെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉയർത്തുന്ന രീതിയിൽ വളർത്തി എടുക്കുകയ എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി തൃപ്രയാർ |

| | | | |
|---|---|---|---|
| | | | ഇൻഡോർ സ്റ്റേഡിയത്തിൽ ഒരു വോളിബോൾ അക്കാഡമി സ്ഥാപിക്കുകയുണ്ടായി. 18 കായിക താരങ്ങളെ തെരഞ്ഞെടുത്ത് മികച്ച രീതിയിലുള്ള പരിശീലനം നൽകി വരുന്നു. പ്രസ്തുത സ്കീമിൽ പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, മികച്ച പരിശീലകരുടെ സേവനം ഉൾപ്പെടെ ആധുനിക നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും സ്കൂൾ/കോളേജ് മാനേജ്മെന്റുകളുടെ സഹകരണത്തോടെ കൂടി സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു. ടി ഹോസ്റ്റലുകൾ വഴി മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**